# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലവടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി.11/1055/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/02/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലവടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തലവടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലവടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി.11/1055/2021 തീയ്യതി: 24/02/2022

## ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-02-2020 മുതൽ 01-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്. ആർ | ഡെപ്യൂട്ടി ഡയറക്ടർ | 07-10-2021 | 16-10-2021 |
| | | 26-10-2021 | 02-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-10-2021 | 16-10-2021 |
| 26-10-2021 | 02-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പി.സാബു, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ജയകൃഷ്ണ.ആർ, അസി.ഓഡിറ്റ് ഓഫീസർ
ജാക്വലിൻ പി ഡബ്ള്യു,സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീദേവി.ആർ, സീനി.ഗ്രേഡ് ഓഡിറ്റർ
പ്രീത, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അഡ്വ.ജന്നൂബ് പുഷ്പാകരൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി. ബേബി സരോജം.ഡി | സെക്രട്ടറി | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.നിവേദിത എം.എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ഈതൽ ദാസ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. സിന്ധു ജിങ്ക ചാക്കോ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| സ്മിതാ എസ് ഡി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.ടോണി തോമസ് മാത്യു | മെഡിക്കൽഓഫീസർ, പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.സജിത. ആർ.കുറുപ്പ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ.ഷെയ്റ്റ എസ്.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി. സുജാത | ഹെഡ്മിസ്ട്രസ്സ്, മോഡൽ യുപി.എസ്. | 01-04-2019 | 31-03-2020 |
| ശ്രീമതി.സിനി എസ് നായർ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| അജിമോൻ പി ഡി | വി ഇ ഒ | 01-04-2019 | 13-12-2019 |
| സ്മിതാ ആർ | വി ഇ ഒ | 14-12-2019 | 31-03-2020 |
| വൽസമ്മ | അസി.സെക്രട്ടറി | 01-04-2019 | 22-07-2019 |
| രാജി.എസ്.നായർ | അസി.സെക്രട്ടറി | 23-07-2019 | 31-03-2020 |
| ശ്രീലക്ഷ്മി എം ജി | അസി. എഞ്ചിനീയർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jaquiline P.W (Senior Grade Auditor, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം<br>Written By: Jaquiline P.W (Senior Grade Auditor, On 02-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-02-2022) | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ<br>Written By: Jaquiline P.W (Senior Grade Auditor, On 02-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-02-2022) | 1-2-1 |
| 4 | വാർഷിക ധനകാര്യ പത്രിക<br>Written By: Jaquiline P.W (Senior Grade Auditor, On 02-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-02-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)<br>Written By: Jaquiline P.W (Senior Grade Auditor, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-02-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Jaquiline P.W (Senior Grade Auditor, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-02-2022) | 1-5 |
| 7 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jaquiline P.W (Senior Grade Auditor, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-02-2022) | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jaquiline P.W (Senior Grade Auditor, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-02-2022) | 1-7 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Jaquiline P.W (Senior Grade Auditor, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-02-2022) | 1-8 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Jaquiline P.W (Senior Grade Auditor, On 02-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-02-2022) | 1-9 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: P.Sabu (Audit Officer (HG), On 02-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-02-2022) | 1-10 |
| 12 | തൊഴിൽ നികുതി-അപാകതകൾ<br>Written By: Preetha (Auditor, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-02-2022) | 1-11 |
| 13 | യഥാർത്ഥ ഉപയോഗക്രമത്തിനനുസരിച്ച് വസ്തുനികുതി ഈടാക്കിയില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-02-2022) | 1-12 |
| 14 | സെക്രട്ടറി നടപ്പാക്കിയ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾ-പൂർത്തീകരണ രേഖയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 02-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-02-2022) | 1-13 |
| 15 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല<br>Written By: Sreedevi.R (Senior Grade Auditor, On 02-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-02-2022) | 1-14 |
| 16 | പുതിയ തുറന്ന കിണർ പദ്ധതി -സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-02-2022) | 1-15 |
| 17 | കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ-ഉപകരണങ്ങൾ | 1-16 |

| | | |
|---|---|---|
| | ലഭ്യമായിട്ടില്ല, പ്രോജക്റ്റ് വിശദാംശങ്ങളില്ല, ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-02-2022) | |
| 18 | ആശ്രയ ഭവനം- നിർമ്മാണം മന്ദഗതിയിൽ<br>Written By: Sreedevi.R (Senior Grade Auditor, On 02-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-02-2022) | 1-17 |
| 19 | പാലിയേറ്റീവ് കെയർ: മരുന്നും ഉപകരണങ്ങളും ലഭ്യമാകാൻ അവശേഷിക്കുന്നു<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-02-2022) | 1-18 |
| 20 | വാട്ടർ പ്യൂരിഫയർ വാങ്ങൽ - ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-02-2022) | 1-19 |
| 21 | ജിഎസ്സ്ടി ഈടാക്കിയില്ല -<br>Written By: P.Sabu (Audit Officer (HG), On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-02-2022) | 1-20 |
| 22 | ഗുണഭോക്തൃ സമിതി വഴി നിർവ്വഹിച്ച പ്രവർത്തി പൂർണ്ണമായി നിർവ്വഹിച്ചില്ല-<br>Written By: P.Sabu (Audit Officer (HG), On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-02-2022) | 1-21 |
| 23 | മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച്-<br>Written By: P.Sabu (Audit Officer (HG), On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-02-2022) | 1-22 |
| 24 | മരാമത്ത് പ്രവർത്തികളിൽ ഭൂരിഭാഗവും 5 ലക്ഷത്തിൽ താഴെയുള്ള പ്രവർത്തികൾ-മത്സര സ്വഭാവം നഷ്ടമാകുന്നു-<br>Written By: P.Sabu (Audit Officer (HG), On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-02-2022) | 1-23 |
| 25 | കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിലുള്ള ഭൂവിസ്തൃതിയിൽ പ്രവർത്തി ചെയ്തതായി കാണിച്ച് അധിക വേതനം നല്കി<br>Written By: Sreedevi.R (Senior Grade Auditor, On 02-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-02-2022) | 1-24 |
| 26 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - Secure സോഫ്റ്റ് വെയർ പ്രകാരം 80mm Thick Cc Paver Block പാകുന്നതിനുള്ള നിരക്ക് PRICE സോഫ്റ്റ് വെയറിനെക്കാൾ വളരെ ഉയർന്ന നിരക്ക് - അധിക ചെലവിന് കാരണമാകുന്നു -<br>Written By: Sreedevi.R (Senior Grade Auditor, On 02-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-02-2022) | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jaquiline P.W (Senior Grade Auditor, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-02-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jaquiline P.W (Senior Grade Auditor, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-02-2022) | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Jaquiline P.W (Senior Grade Auditor, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-02-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Jaquiline P.W (Senior Grade Auditor, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-02-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Jaquiline P.W (Senior Grade Auditor, On 01-11-2021)<br>Last Updated By: P.Sabu (Audit Officer (HG), On 05-11-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jaquiline P.W (Senior Grade Auditor, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-02-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jaquiline P.W (Senior Grade Auditor, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-02-2022) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jaquiline P.W (Senior Grade Auditor, On 02-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-02-2022) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jaquiline P.W (Senior Grade Auditor, On 01-11-2021)<br>Last Updated By: P.Sabu (Audit Officer (HG), On 02-11-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: P.Sabu (Audit Officer (HG), On 02-11-2021)<br>Last Updated By: Rajeev R (Deputy Director, On 14-02-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 21/02/2019 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 215691657 | 147113505 |
| വാർഷിക കണക്ക് പ്രകാരം<br>(ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 69813754 | 74594063 |

## 1-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-2-1 വാർഷികകണക്കിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1. ജനറൽ പർപ്പസ് ഫണ്ട് എ സി ആർ പ്രകാരമുള്ള വരവ് 9752718/- രൂപയാണ് എന്നാൽ വാർഷികകണക്ക് പ്രകാരമുള്ള വരവ് 9866233/- രൂപയാണ് (സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ). റവന്യൂ കളക്ഷൻ ഇൻസെന്റീവ് ബോണസ് ഇനത്തിൽ ലഭിച്ച 258869/- രൂപ പിൻവലിക്കുന്നതിനായി ട്രഷറിയിൽ ബിൽ സമർപ്പിച്ചെങ്കിലും മാറി നൽകിയിട്ടില്ലാത്തതിനാലാണ് മേൽ വ്യത്യാസം കാണപ്പെടുന്നത്. ട്രഷറിയിൽ യഥാസമയം ബിൽ ഹാജരാക്കി തുടർനടപടി സ്വീകരിക്കാതിരുന്നതുമൂലമാണ് മേൽ തുക നഷ്ടപ്പെട്ടത്
2. Rp 40(b) പ്രകാരം IOB Ownfund നീക്കിയിരുപ്പ് 4553849/- രൂപയാണ്. എന്നാൽ ബാങ്ക് പാസ്ബുക്ക് പ്രകാരം 4556892/- രൂപയാണ് റെകൺസിലിയേഷൻ നടത്തി നീക്കിയിരുപ്പ് പൊരുത്തപ്പെടുത്തിയിട്ടില്ല.
3. Rp 40(b) പ്രകാരം Vpfa 1-2 അക്കൌണ്ടിൽ 404244/- രൂപ നീക്കിയിരുപ്പ് ഉണ്ട്. ഈ തുക നിലനിർത്തികൊണ്ടാണ് ട്രഷറി അക്കൌണ്ട് ക്ലോസ് ചെയ്തതിനാൽ ഈ നിക്കിയിരുപ്പ് നിലവിലും തുടരുന്നു.
4. വാർഷിക കണക്ക് പ്രകാരം റെന്റ് ഫ്രം ലീസ് ലാന്റ്സ് ഇനത്തിൽ 2019-20 വർഷം 57750/- രൂപ വരവ് ഉണ്ട് എന്നാൽ ആയവ പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾ ഹാജരാക്കിയില്ല.
5. ഷെഡ്യൂൾ I-18 ലെ Prior Period Items വിശദീകരിച്ചിട്ടില്ല
6. എം ജി എൻ ആർ ഈ ജി എസ്സിന്റെ ക്യാഷ് ബുക്ക്, MIS എന്നിവ പ്രകാരമുള്ള കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
7. ആസ്തി വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ബി-ഷെഡ്യൂളിലുള്ള ആസ്തി വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-3 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 30.04.2020 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരമുള്ള എല്ലാ വരവും ചെലവും)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വി.ഫണ്ട് (ജനറൽ) | 0 | 23672400 | 23672400 | 11186591 [സോഴ്സ് ഡിഡക്ഷൻ 2244189) | 12485809 |

| | | | | | |
|---|---|---|---|---|---|
| വി.ഫണ്ട് (എസ്.സി.പി) | 0 | 5517000 | 5517000 | 1961613 [സോഴ്സ് ഡിഡക്ഷൻ 73529) | 3555387 |
| വി.ഫണ്ട് (ടി.എസ്.പി) | 0 | 117000 | 117000 | 0 | 117000 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 6740000 | 6740000 | 2935691 | 3804309 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 3508000 | 3508000 | 871539 | 2636461 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് Untied | 0 | 9146255 | 9146255 | 3604108 | 5542147 |
| | | | | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 193 | 110617298 | 64 | 33572127 | 80 | 49 | 74.61 |

## 1-6 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 18513754 |
| വരവ് | 46528571 |
| ആകെ | 65042325 |
| ചെലവ് | 47433594 |
| നീക്കിയിരിപ്പ് | 17608731 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 14889 | 1189487 | 1204376 | 1204376 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 15945645 | 15945645 | 15945645 | |

## 1-8 ക്ഷേമ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 48960 | 36 |
| കർഷകതൊഴിലാളി പെൻഷൻ | 4061400 | 1183 |
| വിധവാ പെൻഷൻ | 2138400 | 624 |
| വാർദ്ധക്യകാല പെൻഷൻ | 5207700 | 1532 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 908100 | 256 |
| അവിവാഹിത പെൻഷൻ | 136800 | 38 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 0 | 0 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7.10.21, 3 Pm-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9231/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് പ്രവർത്തിക്കുന്ന ഓഫീസ് കെട്ടിടം ആകെ ജീർണ്ണിച്ച് നാശോന്മുഖമായ അവസ്ഥയിലാണ്. നിലവിൽ ഫിറ്റ്നസ് പോലുമില്ലാത്ത ഈ കെട്ടിടത്തിലാണ് ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കുന്നത്. മഴക്കാലത്ത് ചോർന്നൊലിക്കുന്നത് മൂലം പലപ്പോഴും പ്രവർത്തനം മറ്റ് സ്ഥലങ്ങളിലേക്ക് മാറ്റേണ്ട അവസ്ഥയിലാണ്.
2. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
3. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ ലഭ്യമല്ല. സ്റ്റോക്ക് എൻട്രി ചുമതലപ്പെട്ട ഉദ്യോഗസ്ഥരാരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4. തെരുവ് വിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5. കംപ്യൂട്ടർ, ഫർണിച്ചർ, സ്റ്റേഷനറീസ് എന്നിവയ്ക്കായി പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2019-20 വർഷം വാങ്ങിയ ലാപ്പ്ടോപ്പുകളുടെ വിവരങ്ങൾ ചേർത്തിരിക്കുന്നതിൽ ബിൽ നം., ഗ്യാരണ്ടിയുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
6. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
7. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
8. വിവിധ വാങ്ങലുകൾക്കായി പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടിയതിന് രേഖകളില്ല.
9. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.
10. തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെയൊന്നും തന്നെ മോണിട്ടറിംഗ് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
11. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.
12. വാട്ടർ ചാർജ്ജിനത്തിൽ കുടിശ്ശികയായി ഒരു കോടിയിലേറെ രൂപ അടയ്ക്കുവാൻ അവശേഷിക്കുന്നു. മുൻകാലങ്ങളിൽ സോഴ്സ് ഡിഡക്ഷൻ നടത്തിയ തുകകൾ അടയ്ക്കാനുള്ള തുകയുടെ കണക്കിൽ നിന്നും കുറവ് ചെയ്യുതിന് രേഖകളില്ല.
13. ഇൻകമ്പൻസി രജിസ്റ്ററിൽ ജീവനക്കാരുടെ പേരും ഉദ്യോഗപ്പേരും രേഖപ്പെടുത്തുന്നുണ്ടെങ്കിലും അവരുടെ സ്ഥിരം മേൽവിലാസം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 തൊഴിൽ നികുതി-അപാകതകൾ

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205,1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്

2019-20 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്റർ, സ്ഥാപന മേധാവികൾ സമർപ്പിച്ച തൊഴിൽ നികുതി

റിട്ടേൺ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനങ്ങളുടെ പേരു വിവരം | അർദ്ധവർഷം |
|---|---|---|
| 1. | പോസ്റ്റ് ഓഫീസ്, കാരിക്കുഴി | 1 |
| 2 | പോസ്റ്റ് ഓഫീസ്, നിരേറ്റുപുറം | 2 |
| 3 | പി ആർ ഡി ഫൈനാൻസിയേഴ്സ് | 1 &2 |
| 4 | സർവ്വീസ് കോപ്പറേറ്റിവ് ബാങ്ക്, തലവടി | 2 |
| 5 | ഐ ഒ ബി, നിരേറ്റുപുറം | 2 |
| 6 | ഫെഡറൽ ബാങ്ക്, തലവടി | 2 |
| 7 | പോപ്പുലർ ഫിനാൻസ് | 2 |
| 8 | എ ഇ ഒ, തലവടി | 2 |
| 9 | വില്ലേജ് ഓഫീസ്, തലവടി | 2 |
| 10 | എം റ്റി എൽ പി സ്കൂൾ, നിരേറ്റുപുറം | 2 |
| 11 | എ ഡി യു പി സ്കൂൾ, തലവടി | 2 |
| 12 | മിനി മുത്തൂറ്റ്, തലവടി | 2 |
| 13 | റിലയൻസ് Smsl Ltd | 2 |

അതുപോലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനങ്ങളുടെ പേരു വിവരം | അർദ്ധവർഷം |
|---|---|---|
| 1. | എസ് ബി ഐ, ആർത്തിശ്ശേരി | 2 |
| 2. | സർവ്വീസ് കോപ്പറേറ്റിവ് ബാങ്ക്,തലവടി | 2 |
| 3 | ഫെഡറൽ ബാങ്ക്, തലവടി | 2 |
| 4 | പോപ്പുലർ ഫിനാൻസ് | 2 |
| 5 | മിനി മുത്തൂറ്റ്, തലവടി | 2 |
| 6 | റിലയൻസ് Smsl Ltd | 2 |
| 7 | പി ആർ ഡി ഫൈനാൻസിയേഴ്സ് | 2 |
| 8 | കൊല്ലംമുറി ഫൈനാൻസിയേഴ്സ് | 2 |
| 9 | ഷൈമാസ് ഹോണ്ട | 2 |
| 10 | മാവേലി സ്റ്റോർ | 1&2 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/2019-20 തീയതി.29.10.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്ന ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 യഥാർത്ഥ ഉപയോഗക്രമത്തിനനുസരിച്ച് വസ്തുനികുതി ഈടാക്കിയില്ല

ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം ലൈസൻസ് രേഖകളിൽ നിന്നും വ്യത്യസ്ഥമായിട്ടാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം | ഡി ആന്റ് ഓ ലൈസൻസ് പ്രകാരം കെട്ടിടത്തിന്റെ ഇനം | സഞ്ചയപ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം | ഈടാക്കുന്ന വസ്തുനികുതി |
|---|---|---|---|---|---|
| 6/335 | പി.കെ.പൊന്നമ്മ, ജയ നിലയം | 30 ച.മി | ബേക്കറി കൂൾബാർ | പാർപ്പിടാവശ്യം | 18/- |
| 7/854 | ശിവ രാമൻ നായർ | ലഭ്യമല്ല | ടെക്സ്റ്റയിൽസ് | ലഭ്യമല്ല | സഞ്ചയയിൽ കെട്ടിടത്തിന്റെ |

| | | | | | |
|---|---|---|---|---|---|
| | | | | | വിവരങ്ങൾ ലഭ്യമല്ല |
| 8/186 | കുഞ്ഞൻവാസുദേവൻ, മാമ്പറ്റ, പുത്തൻപുരയിൽ | 56.16 $M^2$ | ട്രാവൽ ഏജൻസി | പാർപ്പിടാവശ്യം | 304 /- |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ ലൈസൻസ് രേഖകൾ പ്രകാരമുള്ള ഉപയോഗക്രമത്തിന് അനുസരിച്ച നികുതി അസ്സസ്സ്ചെയ്ത് ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13 സെക്രട്ടറി നടപ്പാക്കിയ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾ-പൂർത്തീകരണ രേഖയില്ല

1. പ്രോജക്ടിന്റെ പേര് :- വാർഡ് 5 മുത്താരമ്മൻ മുതൽ എ.ഡി.യു.പി.എസ്. വരെ പുതിയ കുടിവെള്ള പൈപ്പ് ലൈൻ ഇടുന്നത്

പ്രോജക്ട് നം. : S0207/20

അടങ്കൽ : വികസനഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്- 100000/-

തനത് ഫണ്ട് - 150000/-

ചെലവ് : 2,50,000/- (ബിൽ നം.17 തീയതി.18.01.2020 - തുക 100000/-)

(ചെക്ക് നം. 0436119/07.02.2020/തുക 150000/-)

തലവടി ഗ്രാമ പഞ്ചായത്തിലെ വാർഡ് 5 മുത്താരമ്മൻ മുതൽ എ.ഡി.യു.പി.എസ്. വരെ പുതിയ കുടിവെള്ള പൈപ്പ് ലൈൻ ഇടുന്നത് നടപ്പാക്കുന്നതിന് മേൽ പ്രകാരം 2,50,000/- രൂപ കേരള വാട്ടർ അതോറിറ്റിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നം.11/2018/തസ്വഭവ. തീയതി.29-01-2018, ഖണ്ഡിക 11.2 പ്രകാരം ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക മുൻകൂർ നൽകുന്നതിന് മുൻപ് കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ കേരള വാട്ടർ അതോറിറ്റിയുമായി ഗ്രാമ പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല. തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും (തീയതി. 22.06.2021) പ്രോജക്ട് പൂർത്തീകരിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ 2,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. പ്രോജക്ടിന്റെ പേര് :- വാർഡ് 5 പഞ്ചായത്ത് റോഡ് മുതൽ ലക്ഷ്മി മന്ദിരം പടി വരെ പുതിയ കുടിവെള്ള പൈപ്പ് ലൈൻ ഇടുന്നത്

പ്രോജക്ട് നം. :-S0206/20

അടങ്കൽ :- വികസനഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്- 250000/-

തനത് ഫണ്ട് - 100000/-

ചെലവ് : 2,50,000/- (ട്രഷറി ബിൽ നം.16 തീയതി.18.01.2020)

89000/- (ചെക്ക് നം. 0436119/07.02.2020)

തലവടി ഗ്രാമ പഞ്ചായത്തിലെ വാർഡ് 5 പഞ്ചായത്ത് റോഡ് മുതൽ ലക്ഷ്മി മന്ദിരം പടി വരെ പുതിയ കുടിവെള്ള പൈപ്പ് ലൈൻ ഇടുന്നത് നടപ്പാക്കുന്നതിന് മേൽ പ്രകാരം 3,39,000/- രൂപ കേരള വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നം.11/2018/തസ്വഭവ. തീയതി.29-01-2018, ഖണ്ഡിക 11.2 പ്രകാരം ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക മുൻകൂർ നൽകുന്നതിന് മുൻപ് കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ കേരള വാട്ടർ അതോറിറ്റിയുമായി ഗ്രാമ പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല. തുകയുടെ വിനിയോഗസാക്ഷ്യപത്രം, പ്രോജക്ട് പൂർത്തീകരിച്ച രേഖകൾ എന്നിവ പഞ്ചായത്തിന് കൈമാറിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ 3,39,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-14 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

പ്രോജക്ട് നം. - S0106/20

വികസന ഫണ്ട് -എസ്.സി.പി - 975600

-പൊതു വിഭാഗം-24400

ആകെ അടങ്കൽ - 1000000

ചെലവ് –475000

(1) ബിൽ നം.06/16-12-2019 തുക-90000

(2) ബിൽ നം.08/29-02-2020 തുക- 120000

(3) ബിൽ നം.09/13-03-2020 തുക-120000

(4) ബിൽ നം.10/ 13-03-2020 തുക-145000

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിൽ പ്രസ്തുത ബിൽ പ്രകാരം ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി മുൻകൂർ തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | സുബാഷ് | 125000/- |
| 2 | ശാന്തമ്മ സുരേഷ് കുമാർ | 125000/- (ബിൽ നം.06/16-12-2019,-30000/- ബിൽ നം 08/29-02-2020 -60000 & ബിൽ നം.10/ 13-03-2020-35000) |
| 3 | വാസന്തി | 125000/- |
| 4 | സന്ധ്യ | 50000/- |
| 5 | മായ മുരളി | 50000/-( ബിൽ നം 08/29-02-2020 -30000 & ബിൽ നം.10/ 13-03-2020-20000) |
| | ആകെ | 475000 |

ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 03/26.10.2021) 3 പേർ മാത്രമാണ് നിർമ്മാണം പൂർത്തിയാക്കിയത് എന്നും രണ്ട് പേർ നിർമ്മാണത്തിന്റെ രണ്ടാം ഘട്ടം വരെ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത് എന്നും മറുപടി ലഭ്യമാക്കി.

ശാന്തമ്മ സുരേഷ് കുമാർ, മായ മുരളി എന്നീ ഗുണഭോക്താക്കളാണ് നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തിയാക്കാത്തത്. ഇവരുടെ പഠനമുറി നിർമ്മാണം ഏത് സ്റ്റേജ് വരെ പൂർത്തിയായി എന്നത് സംബന്ധിച്ച രേഖകളൊന്നും ഫയലിൽ ഇല്ല. പ്രസ്തുത ഗുണഭോക്താക്കൾക്ക് മുൻകൂർ നൽകിയ തുക 175000/- രൂപ (125000+50000) തടസ്സപ്പെടുത്തുന്നു. പഠനമുറി നിർമ്മാണം അടിയന്തിരമായി പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിർമ്മാണ സാമഗ്രികളുടെ വിലയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുന്നതിനാൽ അനുവദനീയമായ തുകക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കാൻ സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കേണ്ടതുണ്ട്. വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 പുതിയ തുറന്ന കിണർ പദ്ധതി -സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം/പേര് | പുതിയ തുറന്ന കിണർ (ജനറൽ)<br>S0037/21 |
| അടങ്കൽ | 139000/- (വികസനഫണ്ട്)<br>- 173000/- (തനത്ഫണ്ട്) |
| ചെലവ് | ബിൽ നം.3/2020-21/27.05.2019<br>132000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

വി.ഇ.ഒ. നിർവ്വഹണം ചെയ്ത പുതിയ കിണർ പദ്ധതി പ്രകാരം 11 ഗുണഭോക്താക്കൾക്ക് കിണർ നിർമ്മാണത്തിനായി 132000/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ.ഉ(കൈ)നം. 22/2018/തസ്വഭവ തിയതി. 14.02.18 പ്രകാരം ഈ പദ്ധതി നടപ്പിലാക്കുന്നതിന് ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

1. പൊതുകുടിവെള്ള സംവിധാനത്തിൽ നിന്നും ഹൌസ് കണക്ഷൻ ലഭിക്കാൻ സാദ്ധ്യതയില്ലാത്തവർ
2. മുൻവർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവർ
3. മഴവെള്ള റീചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കണം

പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് പൊതുകുടിവെള്ള സംവിധാനത്തിൽ നിന്നും ഹൌസ്

കണക്ഷൻ ലഭിക്കാൻ സാദ്ധ്യതയില്ലാത്തതിനാലാണ് കിണർ നിർമ്മാണത്തിന് തുക അനുവദിക്കുന്നത് എന്ന് നിർവ്വണോദ്യഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കൾ മഴവെള്ള റീചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് അന്വഷണത്തിന് (4/11.10.21) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പദ്ധതികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ-ഉപകരണങ്ങൾ ലഭ്യമായിട്ടില്ല, പ്രോജക്ട് വിശദാംശങ്ങളില്ല, ചെലവ് തടസ്സപ്പെടുത്തുന്നു

കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങലിനായി(പ്രോജ.നം.120/20) തൻവർഷം 22771/-രൂപയും (ബിൽ റഫ.നം.19070552002301299649/17.2.20) 2020-21 വർഷം 80938/-രൂപയും(ബിൽ റഫ.നം.20070552002300056154/11.4.20) ചെലവഴിക്കപ്പെട്ടിട്ടുണ്ട്. ആകെ 103709/-രൂപ ഇപ്രകാരം കേരള സ്റ്റേറ്റ് ഐ.ടി.മിഷനിലേക്ക് നല്കിയതായി കാണുന്നു. പ്രോജക്ടിൽ ഉദ്ദേശിച്ച കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ഏതെല്ലാം, എത്രവീതം എന്നതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമായിക്കാണുന്നില്ല. തൻവർഷ ചെലവ് തുക 22771/-രൂപ തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 ആശ്രയ ഭവനം- നിർമ്മാണം മന്ദഗതിയിൽ

പ്രോജക്ട് നം. - S0104/20ആശ്രയ ഭവന നിർമ്മാണം

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ -വികസന ഫണ്ട് -500000

ചെലവ് -500000 (ബിൽ നം.03/08.11.2019)

ആശ്രയ ലിസ്റ്റിലുൾപ്പെട്ട ഗുണഭോക്താവിന് വീട് വയ്ക്കുന്നതിനും അനുബന്ധസൗകര്യങ്ങൾ ഒരുക്കുന്നതിനുമായി എ.ഡി.എസ്. മുഖാന്തിരം ധനസഹായം നൽകുന്നതായിരുന്നു പ്രോജക്ട് ലക്ഷ്യം. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ സുഷമ എസ്, 12ൽചിറ എന്ന വ്യക്തിക്ക് ആദ്യ ഗഡു 40000/- രൂപ (ചെക്ക് നം.344253 തീയതി. 29.09.2021) നൽകിയിട്ടുണ്ട്.

വികസന ഫണ്ടിൽ നിന്ന് സി.ഡി.എസ് അക്കൗണ്ടിലേക്ക് തുക കൈമാറി ഏകദേശം 2 വർഷത്തോളമായപ്പോഴാണ് ഭവന നിർമ്മാണത്തിന്റെ ആദ്യ ഗഡു കൈമാറിയത്. നിർമ്മാണം ആരംഭിക്കാൻ കാലതാമസമുണ്ടായതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/26.10.2021) "ആശ്രയ ഭവന നിർമ്മാണത്തിനായി ലിസ്റ്റിൽ 32 പേർ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഇവരിൽ പലർക്കും സ്വന്തം പേരിൽ സ്ഥലമുണ്ടായിരുന്നില്ല, സ്വന്തം പേരിൽ സ്ഥലമുള്ളവരിൽ നിന്നും കുടുംബശ്രീ സി.ഡി.എസ്. യോഗം അംഗീകരിച്ച സരസമ്മ ,ചാലുങ്കൽപറമ്പിൽ എന്ന ഗുണഭോക്താവിന്റെ സ്ഥലത്ത് വാസയോഗ്യമായ ഒരു കെട്ടിടം ഉള്ളതിനാൽ ടിയാൾക്ക് വീട് നൽകാൻ കഴിഞ്ഞില്ല എന്നും തുടർന്ന് ഏലിയാമ്മ മാത്യു എന്ന വ്യക്തിക്ക് ഭവന പുനരുദ്ധാരണം എന്ന ആവശ്യത്തിന് തുക വകയിരുത്തി. കോവിഡ് 19, പഞ്ചായത്ത് ഇലക്ഷൻ എന്നിവയുടെ പശ്ചാത്തലത്തിൽ പ്രോജക്ട് നടപ്പാക്കാൻ സാധിക്കാതെ വന്നു. പിന്നീട് സി.ഡി.എസ്. കമ്മറ്റി 2021-22 വർഷം തിരഞ്ഞെടുത്തു നൽകിയ ശ്രീമതി. സുഷമ യ്ക്ക് വീട് നിർമ്മാണത്തിനായി ആദ്യഗഡു 40000/- രൂപ നൽകിയിട്ടുണ്ട് "എന്നും മറുപടി ലഭ്യമാക്കി.

ഗുണഭോക്താവിനെ കണ്ടത്താതെയും ശരിയായ ആസൂത്രണമില്ലാതെയുമാണ് സി.ഡി.എസ് ന്റെ അക്കൗണ്ടിലേക്ക് തുക കൈമാറിയതെന്നും പ്രോജക്ടിന്റെ മോണിറ്ററിംഗ് നടത്തുന്നില്ലായെന്നും പ്രസ്തുത മറുപടിയിൽനിന്നും വ്യക്തമാകുന്നു. ആദ്യ ഗഡു നൽകിയ ഗുണഭോക്താവിന്റെ ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-18 പാലിയേറ്റീവ് കെയർ: മരുന്നും ഉപകരണങ്ങളും ലഭ്യമാകാൻ അവശേഷിക്കുന്നു

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ ആകെ ചെലവ് 645571/- രൂപയാണ്. പ്രോജക്ടിന്റെ ഭാഗമായി വിവിധ ഇൻവോയിസുകൾ പ്രകാരം മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായതിന്റെ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതിൽ അവ്യക്തതയുള്ളതായി കാണുന്നു. ബിൽ പ്രകാരം തുക പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് (തിരുവനന്തപുരം)എന്ന സ്ഥാപനത്തിന് തുക നല്കിയ പ്രോഫോർമ ഇൻവോയിസ് പ്രകാരമല്ല, മറിച്ച് സാധനങ്ങൾ ലഭ്യമാക്കിയ കാരുണ്യ മെഡിസിൻ ഡിപ്പോ (കൊല്ലം) നിന്നുള്ള ഇൻവോയിസ് പ്രകാരമാണ് സ്റ്റോക്കിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതെന്നതിനാൽ നല്കിയ തുകയ്ക്കുള്ള മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടോ എന്നത് പരിശോധിക്കാനാകുന്നില്ല. ഉപകരണങ്ങളുടെ സ്റ്റോക്ക് വിവരം പാലിയേറ്റീവ് കെയർ നേഴ്സ് രേഖപ്പെടുത്തുന്നതല്ലാതെ

ആരും പരിശോധിച്ച് സാക്ഷ്യപ്പെടുത്തിക്കാണുന്നില്ല. ചുവടെ ചേർക്കുന്ന പ്രകാരമുള്ള ഉപകരണങ്ങൾക്ക് തുക നല്കിയിട്ടുണ്ട്. ഇതിൻ പ്രകാരം എതെല്ലാം ഉപകരണങ്ങളാണ് ലഭ്യമായത് എന്ന വിവരം അറിയിക്കേണ്ടതാണ്.

| ഇനം | ഇൻവോയിസ് | എണ്ണം | തുക | തുക ഇനം, ബിൽ |
|---|---|---|---|---|
| Wheel Chair | 3415/21.12.19 | 5 | 21650 | ബ്ലോക്ക് ഷെയർ<br>ചെക്ക്. നം. 0436123/22.02.2020 |
| Back Rest | ടി | 6 | 14800 | ടി |
| Water Bed Delux | ടി | 5 | 4887 | ടി |
| Walker | ടി | 2 | 1911 | ടി |
| Insulin Syringe | 3416/21.12.19 | 491 | 3074.05 | ടി |
| Foly Catheter14 | ടി | 40 | 2369.92 | ടി |
| Foly Catheter16 | ടി | 40 | 2369.92 | ടി |
| Foly Catheter18 | ടി | 40 | 2369.92 | ടി |
| Foly Catheter20 | ടി | 40 | 2369.92 | ടി |
| Gloves Sterile7 | ടി | 450 | 5286.96 | ടി |
| Gloves Non Sterile | ടി | 450 | 5392.80 | ടി |
| Syringe20ml | ടി | 760 | 7967.24 | ടി |
| Urine Collection Bag | ടി | 300 | 4639.96 | ടി |
| Cotton Wool | ടി | 50 | 7022.40 | ടി |
| Gauze Bandage | ടി | 50 | 4282.88 | ടി |
| Rolled Bandage | ടി | 50 | 336 | ടി |
| Liquid Paraffin | 4643/15.2.2020 | 27 | 756 | BRN.19070552002501394225/<br>03.03.2020 |
| Ns. 0.9inj<br>100ml(fresenius) | 2406/15.11.19 | 200 | 2404.64 | BRN.19070552002500853641/<br>22.11.2019 |
| Providone Iodine | ടി | 50 | 1379.17 | ടി |
| Lox2%jelly | ടി | 50 | 1613.64 | ടി |
| Metrogyl | ടി | 100 | 1304.02 | ടി |
| Metrogyl 400mg | ടി | 500 | 418.10 | ടി |
| Water For Inj. | ടി | 988 | 2076.58 | ടി |
| Citralka Liquid | ടി | 200 | 12823.24 | ടി |
| Insugen | ടി | 247 | 18828.82 | ടി |
| Fucidin Ointment | ടി | 50 | 6096.92 | ടി |
| Metrogyl | ടി | 50 | 5143.20 | ടി |
| Megaheal Gel | ടി | 50 | 3439.16 | ടി |
| Muprevent Ointment | ടി | 50 | 1423.80 | ടി |
| Walker Adj.adlt | 2037/31.10.2019 | 1 | 955.5 | BRN.19070552002500853633/<br>22.11.2019 |
| Back Rest Ss | ടി | 1 | 2470 | ടി |
| Wheel Chair | ടി | 1 | 4330 | ടി |
| | | ആകെ | 156192.76 | |

മരുന്ന്/ഉപകരണങ്ങൾ ലഭ്യമാകാത്തതിനാൽ 156192.76 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന്/ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ഓഡിറ്റിൽ ഹാജരാക്കിക്കൊണ്ട് തടസ്സം ഒഴിവാക്കാവുന്നതാണ്. (ഓഡിറ്റ് അന്വേഷണം നം.1/11.10.21ന് നല്കിയ മറുപടി പരിഗണിച്ചാണ് ഓഡിറ്റ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്)

## 1-19 വാട്ടർ പ്യൂരിഫയർ വാങ്ങൽ - ചെലവ് രേഖകൾ ഹാജരാക്കിയില്ല

എച്ച്.എം, ഗവ.എൽ.പി.സ്കൂൾ നിർവ്വഹണം നടത്തിയ (പ്രോജ. നം. 150/20) സ്കൂളുകൾക്ക് വാട്ടർ പ്യൂരിഫയർ എന്ന പ്രോജക്ടിൽ ബിൽ റഫ.നം.19070552002800603549/തീയതി.17.4.19, പ്രകാരം 295000/-രൂപ പിൻവലിച്ച് Pure Drops RO Systems, AC Road, Cherthala എന്ന സ്ഥാപനത്തിന് നല്കിയതായി കാണുന്നു.

ട്രഷറി ബില്ലിന്റെ പകർപ്പിനൊപ്പം സ്ഥാപനത്തിൽ നിന്നുള്ള ഇൻവോയിസിന്റെ പകർപ്പും വിതരണം സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്ററും മാത്രമാണ് ഇത് സംബന്ധിച്ച് ലഭ്യമാക്കിയിട്ടുള്ളത്. സ്ഥാപനത്തിൽ നിന്നുള്ള ജി.എസ്.ടി ബില്ല് ഹാജരാക്കിയിട്ടില്ല, വാങ്ങിയ വാട്ടർപ്യൂരിഫയറിന്റെ സ്പെസിഫിക്കേഷൻ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. വാട്ടർപ്യൂരിഫയർ 5 എണ്ണം എന്ന് മാത്രമാണ് സ്റ്റോക്കിൽ ചേർത്തിട്ടുള്ളത്. ഇൻവോയിസിൽ വാട്ടർ പ്യൂരിഫയറിന്റെ സ്പെസിഫിക്കേഷൻ വിവരങ്ങളുള്ള ഭാഗം ലഭ്യമല്ല. വാങ്ങൽ നടപടികൾ, പ്രോക്യൂർമെന്റ് കമ്മറ്റി തീരുമാനം, ക്വട്ടേഷൻ/ടെണ്ടർ നടപടി സ്വീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ, എന്നിവ ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 295000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.13/1.11.21)

## 1-20 ജിഎസ്സ്ടി ഈടാക്കിയില്ല -

അളവു പുസ്തകം- 07/18-19

കരാറുകാരൻ - ഡി.ബൈജു.

അടങ്കൽ - 251000/-

ബിൽ റഫറൻസ് നം.(RBN)18070552004000923210/12-12-2018.(ട്രഷറി ബിൽ ബുക്കിൽ ബിൽ മാറിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.)

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നിർവ്വഹിച്ച 13-വാർഡിൽ മണലേൽ - പത്തിശ്ശേരി-മൂന്നാം റീച്ച് കോൺക്രീറ്റിംഗ് (പ്രൊജക്ട് നം.142/19) എന്ന പദ്ധതിയുടെ ആകെ മൂല്യം നിർണ്ണയിച്ച് തുക നൽകിയപ്പോൾ ആകെ മൂല്യത്തിൽ നിന്നും ജിഎസ്സ്ടി കുറവു ചെയ്തില്ല. തൻമൂലം ചുവടെ ചേർക്കും പ്രകാരം നഷ്ടമുണ്ടായി.

അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയ ആകെ മൂല്യം- 250066/-രൂപ

(-) 0.01% ടെണ്ടർ ഡിഡക്ഷൻ - 25/-രൂപ

അനുവദനീയമായ തുക - 250041/- രൂപ

ജിഎസ്സ്ടി കുറവു ചെയ്യേണ്ടത് - 2% = 5000.82 രൂപ = 5001/-

എന്നാൽ പ്രവർത്തിയുടെ മൂല്യം നിർണ്ണയിച്ച് തുക നൽകിയപ്പോൾ 2% ജിഎസ്സ്ടി – ടി.ഡി.എസ്. ഇനത്തിൽ കുറവു ചെയ്യാതെയാണ് കരാറുകാരന് തുക നൽകിയത്. തന്മൂലം കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് 5001 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (04/19-20)മറുപടി ലഭ്യമാക്കിയിട്ടില്ല. ടിയിനത്തിൽ അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-21 ഗുണഭോക്തൃ സമിതി വഴി നിർവ്വഹിച്ച പ്രവർത്തി പൂർണ്ണമായി നിർവ്വഹിച്ചില്ല-

പ്രൊജക്ട് നം.എസ്സ് ഒ-142/19

പ്രവർത്തിയുടെ പേര്- 14- വാർഡിൽ വിഴപ്പുറം പടി റോഡ് മെയിന്റനൻസ്

കൺവീനർ - സുരേഷ് , നടുവിലേപ്പറമ്പ്.

അടങ്കൽ - 49000/-

ഈ പ്രവർത്തിയുടെ അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം 95 മീറ്റർ നീളത്തിലും 1.2 മീറ്റർ വീതിയിലും, 0.30 Cm. കനത്തിലും സബ് ഗ്രേഡ് നിർമ്മാണവും, ഇതാ നീളത്തിലും, വീതിയിലും, 15 Cm. കനത്തിലും ക്വാറിമക്ക് ഫില്ലിംഗുമായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ അളവു പുസ്തകം പരിശോധിച്ചതിൽ ഈ പ്രവർത്തി 27 മീറ്റർ മാത്രം നിർവ്വഹിച്ച് 10046/- രൂപ മൂല്യം നിർണ്ണയിച്ച് കൺവീനർക്ക് തുക നൽകി പ്രവർത്തി അവസാനിപ്പിച്ചിരിക്കുകയാണ്.ഇപ്രകാരം പ്രവർത്തി അവസാനിപ്പിച്ചതിന്റെ കാരണമോ, ആയതിനുള്ള കമ്മിറ്റി തീരുമാനമോ രേഖപ്പെടുത്തിയിട്ടില്ല. ആവശ്യത്തിന് ഫണ്ട് വകയിരുത്തിയിട്ടും ആയതിന്റെ അഞ്ചിലൊരു ഭാഗം പോലും ചെലവഴിക്കാതെ പ്രവർത്തി അവസാനിപ്പിച്ചത് മൂലം ഇതിന്റെ ഗുണഭോക്താക്കളായിട്ടുള്ളവർക്ക് ആയതിന്റെ പ്രയോജനം പൂർണ്ണമായി ലഭിക്കാത്ത സാഹചര്യം ഉണ്ടായി. ഇതു സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (08/19-20) മറുപടി ലഭിച്ചിട്ടില്ല. പ്രത്യേകിച്ച് കാരണമൊന്നും രേഖപ്പെടുത്താതെ ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്തു നടത്തിയ ഈ

പ്രവർത്തി പാതിവഴിയിൽ ഉപേക്ഷിച്ചതിന് കരാർ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ ഗുണഭോക്തൃ സമിതി കമ്മിറ്റിയുടെ പേരിൽ സ്വീകരിക്കേണ്ടതാണ്.

## 1-22 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച്-

2019-20 വർഷത്തെ മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ടെങ്കിലും മിക്കവാറും ഫയലുകളിലും അപ്രകാരം മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ചില ഫയലുകളിൽ മോണിട്ടറിംഗ് റിപ്പോർട്ട് എന്നെഴുതിയ പേപ്പർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും, റിപ്പോർട്ടിൽ അംഗങ്ങൾ ഒപ്പുവെച്ചിട്ടുണ്ടെന്നല്ലാതെ യാതൊന്നും രേഖപ്പെടുത്തിയിട്ടില്ല.
2. പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പല പ്രവർത്തികളിലും പാലിക്കപ്പെട്ടിട്ടില്ല.
3. കരാർ അംഗീകരിച്ചുകൊണ്ട് കരാറുകാരന് നൽകുന്ന സെലക്ഷൻ നോട്ടീസ് കരാറുകാരന് അയച്ചതിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവയിലൊന്നും തന്നെ ആയത് കൈപ്പറ്റി കരാറുകാരൻ , ഒപ്പും തീയതിയും രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാറിൽ ഏർപ്പെടുന്നുണ്ടോ?, ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നുണ്ടോ? തുടങ്ങിയ വിവരങ്ങളൊന്നും തന്നെ പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.
4. കരാറുകാരനുമായി ഏർപ്പെടുന്ന കരാറിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച്, 2012 ൽ ജി.ഒ.(പി) 13/2012 /PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വിവിധ സെക്ഷനുകൾ അനുശാസിക്കും പ്രകാരമുള്ള വ്യവസ്ഥകളല്ല ഉൾപ്പെടുത്തിയിട്ടുള്ളത്.
5. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 9 പ്രകാരം ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ കയ്യൊപ്പ് ടെണ്ടർ രജിസ്റ്ററിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്.എന്നാൽ ടെണ്ടർ രജിസ്റ്ററിൽ ടി നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.
6. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൻജിനീയറുടെ അഭിപ്രായകുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇവിടെ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള ഒരു പ്രവർത്തിയിലും, ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
7. മരാമത്ത് പ്രവർത്തികളുടെ ടെണ്ടറുകൾ സ്വീകരിക്കുന്നതിൽ വളരെയധികം അപാകതകൾ ഉള്ളതായി ഫയൽ പരിശോധിച്ചതിൽ കാണുന്നു,

1)കരാറുകാരൻ നിരക്ക് രേഖപ്പെടുത്തി സമർപ്പിക്കുന്ന ടെണ്ടർഫോമിൽ Appendix A യിൽ (Conditions Of Tendering Works) കരാറുകാരൻ സമർപ്പിച്ചിട്ടുള്ള ടെണ്ടറിൽ വെട്ടിതിരുത്തലുകൾ ഉണ്ടെങ്കിലും ആയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

2)പല പ്രവർത്തികൾക്കും കരാറുകാർ നിരക്ക് രേഖപ്പെടുത്തി സമർപ്പിച്ചിരിക്കുന്ന ടെണ്ടറിൽ വ്യാപകമായ തിരുത്തലുകൾ ഉണ്ട്. (ഉദാ.പ്രൊ.നം. 142/18 – മണമേൽ പടി-പതിശ്ശേരിൽ പടി മൂന്നാം റീച്ച് കോൺക്രീറ്റിംഗ് എന്ന പ്രവർത്തിക്ക് ടെണ്ടർ സമർപ്പിച്ചിട്ടുള്ള ശ്രീ.ഡി.ബൈജു സമർപ്പിച്ച ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്ക് എന്ന് ആദ്യം രേഖപ്പെടുത്തിയത് വെട്ടി തിരുത്തി Below 0.01% എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പ്രവർത്തി ഏറ്റെടുത്ത ശ്രീ.പി.സബികുമാർ ആദ്യം 2% Above എസ്റ്റിമേറ്റ് നിരക്ക് എന്ന് രേഖപ്പെടുത്തിയിരുന്നത് വെട്ടി തിരുത്തി എസ്റ്റിമേറ്റ് നിരക്ക് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഈ തിരുത്തലുകൾ ഒന്നും തന്നെ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ഇതിൽ നിന്നും കരാറുകാർ പരസ്പരധാരണയുടെ അടിസ്ഥാനത്തിൽ പരസ്പര സഹായകരമായ രീതിയിൽ ആണ് ടെണ്ടറുകൾ സമർപ്പിക്കുന്നതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

8. എഗ്രിമെന്റ് രജിസ്റ്ററിൽ പല പ്രവർത്തികളുടെയും PAC, സെക്യൂരിറ്റി തുകയുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നില്ല.
9. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
10. ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്ന പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാതെയാണ് റോഡ് നിർമ്മാണ പ്രവർത്തികൾ നിർവ്വഹിച്ചിട്ടുള്ളത് റോഡ് രജിസ്റ്ററും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

മേൽ രേഖപ്പെടുത്തിയവ അപാകതകൾ സംബന്ധിച്ച് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/2019-20) ലഭ്യമാക്കിയ മറുപടിയിൽ മേൽ അപാകതകൾ ഭാവിയിൽ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ അപാകതകൾ പരിഹരിച്ച് മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-23 മരാമത്ത് പ്രവർത്തികളിൽ ഭൂരിഭാഗവും 5 ലക്ഷത്തിൽ താഴെയുള്ള പ്രവർത്തികൾ-മത്സര സ്വഭാവം നഷ്ടമാകുന്നു-

തലവടി ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പണികളിൽ ഭൂരിഭാഗവും അഞ്ച് ലക്ഷത്തിൽ താഴെയുള്ള മരാമത്ത് പ്രവർത്തികളായതിനാൽ മാനുവൽ ടെണ്ടർ/ക്വട്ടേഷൻ വഴിയാണ് നിർവ്വഹിച്ചിട്ടുള്ളത്. അവയിൽ തന്നെ ചെറിയ വ്യത്യാസത്തിലുള്ള രണ്ട് ക്വട്ടേഷൻ/മാനുവൽ ടെണ്ടർ മാത്രം ലഭിക്കുകയും, കുറഞ്ഞ ക്വട്ടേഷൻ അംഗീകരിച്ച് പ്രവർത്തി നിർവ്വഹിക്കപ്പെടുകയും ചെയ്യുന്ന രീതിയാണ് തുടരുന്നത്. ഇപ്രകാരം മരാമത്ത് പ്രവർത്തികൾ അഞ്ച് ലക്ഷത്തിൽ താഴെയുള്ള തുകയിൽ ലിമിറ്റ് ചെയ്ത് നിർവ്വഹിക്കപ്പെടുന്നത് മൂലം മത്സരാധിഷ്ഠിത ടെണ്ടർ ലഭിക്കുന്നതിനുള്ള സാധ്യതകൾ നഷ്ടമാകുകയും, തദ്ദേശസ്ഥാപനത്തിന് അധിക ചെലവിന് കാരണമാകുകയും ചെയ്യുന്നു. ഇപ്രകാരം നിർവ്വഹിക്കപ്പെട്ട ചില പ്രവർത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര് | ലഭിച്ച മാനുവൽ ടെണ്ടറുകളുടെ എണ്ണം. | കരാറുകാരുടെ വിവരം. | ക്വോട്ട് ചെയ്ത തുക/ നിരക്ക്. |
|---|---|---|---|
| 14-ാം വാർഡിൽ 24-ാംനമ്പർ SNDP-പതിനാറിൽ ചിറപ്പടി വരെ റോഡ് ഉയർത്തി ഇന്റർ ലോക്കിംഗ്(പ്രൊ.നം.146/19) | 2 | 1.ഫ്രാൻസിസ് തോമസ് 2.സോജൻ ഫ്രാൻസിസ് | 0.01% കുറവ് എസ്റ്റിമേറ്റ് നിരക്ക് |
| 4-ാംവാർഡിൽ ചിറമേൽ പടി മുതൽ തടത്തിൽ പടി വരെ റോഡ് മെയിന്റനൻസ്.(പ്രൊ.നം.92/18) | 2 | 1.രമേഷ് വി ദേവ്. 2.തോമസ് പ്രസാദ് എബ്രഹാം. | എസ്റ്റിമേറ്റ് നിരക്ക് 0.01% കുറവ് |
| 14-ാം വാർഡിൽ കോട്ട വരുത്തിൽ പടി മുതൽ മാമ്മൂട്ടിൽ പടി വരെ റോഡ് റീ-ടാറിംഗ് (പ്രൊ.നം.56/19) | 2 | 1.ഫ്രാൻസിസ് തോമസ് . 2.സോജൻ ഫ്രാൻസിസ്. | 0.01% കുറവ് എസ്റ്റിമേറ്റ് നിരക്ക്. |
| 15-ാം വാർഡിൽ എട്ടിൽപ്പടി-പത്തിശ്ശേരിൽ പടി സെക്കൻഡ് മെറ്റലിംഗ് & ടാറിംഗ്. പ്രൊ.നം.138/20) | 2 | 1.ഫ്രാൻസിസ് തോമസ്. 2.സോജൻ ഫ്രാൻസിസ്. | 0.01% കുറവ് എസ്റ്റിമേറ്റ് നിരക്ക്. |

പഞ്ചായത്തിൽ നിർവ്വഹിച്ചിട്ടുള്ള ഭൂരിഭാഗം പ്രവർത്തികളിലും ഈ രീതിയിലുള്ള ടെണ്ടറുകൾ ആണ് സമർപ്പിക്കപ്പെടുന്നത്. മരാമത്ത് പ്രവർത്തികൾ ഈ രീതിയിൽ നിർവ്വഹിക്കപ്പെടുമ്പോൾ ആയത് കരാറുകാരന് കൂടുതൽ ആനുകൂല്യം ലഭ്യമാകുന്നതിന് കാരണമാകുന്നു. സ്ഥാപനത്തിന് വലിയ തോതിൽ നഷ്ടം ഉണ്ടാക്കുന്ന ഇത്തരം പ്രവണതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന വിവരം ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെയും, വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിലുള്ള ഭൂവിസ്തൃതിയിൽ പ്രവർത്തി ചെയ്തതായി കാണിച്ച് അധിക വേതനം നല്കി

തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ കയർഭൂവസ്ത്രം വാങ്ങലുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെല്ലാം (ഇനം 80.8.49-ൽ)തന്നെ ഒരു ചതു.മീറ്റർ വിസ്തൃതിയിൽ കയർഭൂവസ്ത്രം വിരിക്കുന്നതിനാവശ്യമായ കയർഭൂവസ്ത്രത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 1.05ചതു.മീറ്റർ ആണ്. 2 മീറ്റർ വീതിയിലുള്ള കയർഭൂവസ്ത്രം 2.5 മീറ്റർ വീതിയിൽ വിരിക്കുമ്പോൾ രണ്ട് പീസുകൾ തമ്മിൽ ഓവർലാപ്പ് ചെയ്ത് മുളയാണി വെയ്ക്കുന്നതിന് വേണ്ടി വരുന്ന

അളവിലേക്കാണ് ചതു.മീറ്ററിൽ 0.05വീതം അധികമായി ഭൂവസ്ത്രം ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ, കയർഭൂവസ്ത്രം വാങ്ങിയ അളവിലും കുറഞ്ഞ വിസ്തൃതിയിലേ പ്രവർത്തി ചെയ്യാൻ സാധിക്കൂ. എന്നാൽ കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിൽ തന്നെ ജോലി ചെയ്തതായിട്ടാണ് ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ രേഖപ്പെടുത്തലുള്ളത്. എന്നാൽ ഇതനുസരിച്ചുള്ള അളവിൽ കയർഭൂവസ്ത്രം അധികമായി വാങ്ങിക്കാണുന്നില്ല. ആകെ വിസ്തൃതിയിൽ മാത്രമാണ് കയർഭൂവസ്ത്രം വാങ്ങിയിട്ടുള്ളത്. ഇപ്രകാരം കയർ ഭൂവസ്ത്രം വിരിക്കുന്നതിന് അധിക വേതനം (ഇനം.നം.80.8.10ൽ, ച.മീറ്ററിന് 66.66 രൂപ നിരക്കിൽ) നല്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | എം-ബുക്ക് നം. | ഭൂവസ്ത്രം വാങ്ങിയത്. ചതു.മീറ്റർ | ഭൂവസ്ത്രമുപയോഗിക്കാവുന്ന വിസ്തൃതി ചതു.മീറ്റർ (ഭൂവിസ്തൃതി/1.05) | നല്കിയ തുക | നല്കാവുന്ന തുക | അധികം |
|---|---|---|---|---|---|---|
| 5ാം വാർഡിൽ പനയന്നാർ കാവ് പാടത്തിന്റെ പുറം ബണ്ട് ബലപ്പെടുത്തി കയർഭൂവസ്ത്രം വിരിക്കുക | 40/2019--20 | 750 | 714 | 49995.5 | 47599.5 | 2396 |
| 7ാം വാർഡിൽ പുതിയോരം പാടശേഖരത്തിന്റെ പുറം ബണ്ട് മുളയ്ക്കൽ പറമ്പ് മുതൽ വഞ്ചിപുരയ്ക്കൽ പടി വരെ കയർഭൂവസ്ത്രം വിരിക്കുക | 02/2019-20 | 1000 | 952.38 | 66666 | 63491 | 3175 |
| 7ാം വാർഡിൽ പുതിയോരം പാടശേഖരത്തിന്റെ പുറം ബണ്ട് മുണ്ടകത്തിൽ വീട് മുതൽ തുണ്ടിപറമ്പ് വരെ കയർഭൂവസ്ത്രം വിരിക്കുക | /2019-20 | 1000 | 952 | 66666 (Limited To Mandays 66124/-) | 63491 | 2633 |
| ആകെ | | | | | | 8204 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് "പ്രവൃത്തിയിൽ ഓവർ ലാപ്പിംഗ് ഒന്നും തന്നെ ഉണ്ടായിരുന്നില്ല എന്നും പ്രോജക്ട് ചെയ്തതിനശേഷമുള്ള അളവാണ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്നും എസ്റ്റിമേറ്റ് പ്രകാരമുള്ള കയർഭൂവസ്ത്രം പ്രോജക്ടിന് ആവശ്യമില്ലാത്തതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല" എന്നും മറുപടി ലഭ്യമാക്കി.(എൻക്വയറി നം.10/29.10.2021). കയർഭൂവസ്ത്രം വാങ്ങിയ അളവിലും കുറഞ്ഞ വിസ്തൃതിയിലേ പ്രവർത്തി ചെയ്യാൻ സാധിക്കൂ എന്നിരിക്കെ കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിൽ തന്നെ ജോലി

ചെയ്തതായുള്ള മറുപടി അംഗീകരിക്കുന്നില്ല. കയർ ഭൂവസ്ത്രം വിരിക്കുന്നതിന് നൽകിയ അധിക വേതനം 8204/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

### 1-25 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - Secure സോഫ്റ്റ് വെയർ പ്രകാരം 80mm Thick Cc Paver Block പാകുന്നതിനുള്ള നിരക്ക് PRICE സോഫ്റ്റ് വെയറിനെക്കാൾ വളരെ ഉയർന്ന നിരക്ക് - അധിക ചെലവിന് കാരണമാകുന്നു -

PRICE സോഫ്റ്റ്‌വെയർ പ്രകാരം 80mm Thick Cc Paver Block പാകുന്നതിനായി 1 $M^2$ ന് 916 ആണ് അനുവദിക്കാവുന്ന നിരക്ക് (ഒബ്സർവ്ഡ് ഡേറ്റ) എന്നിരിക്കെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് 80mm Thick Cc Paver Block പാകുന്നതിനായി 1 $M^2$ ന് 1331.65/- നിരക്കിലാണ് അനുവദിച്ചിട്ടുള്ളത്.

വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | എം ബുക്ക് നമ്പർ | 80mm Thick Cc Paver Block പാകിയ ഏരിയ | 1331.65/$m^3$ നിരക്കിൽ അനുവദിച്ച തുക | 916 /$M^3$ നിരക്കിൽ അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|---|---|
| 15ാം വാർഡിൽ വെട്ടുതോട് പാലം മുതൽ ആരാട്ടുകുളപ്പുരപ്പടിവരെ ഇന്റർലോക്കിംഗ് | 25/2019-20 | 256.90 | 342100. | 234496 | 107604 |
| 6ാം വാർഡിൽ പതാരശ്ശേരി പടി മുതൽ നാലുപുരയ്ക്കൽ കടവ് വരെ ഇന്റർലോക്കിംഗ് | 15/2019-20 | 232.963 | 310225 | 213394 | 96831 |
| 6ാം വാർഡിൽ നല്ലേകുന്നേൽ പടിമുതൽ TMTഹൈസ്കൂൾ ഗ്രൗണ്ട് വരെ ഇന്റർലോക്കിംഗ് | 16/2019-20 | 55.5 | 73906 | 50838 | 23068 |
| ആകെ വ്യത്യാസം | | | | | 227503 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കുന്ന പ്രവൃത്തികൾക്ക് സെക്യൂർ എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് എന്നാണ് അറിയിച്ചത്. മേൽ സൂചിപ്പിച്ച കണക്കുകളിൽ നിന്നും സെക്യൂർ സോഫ്റ്റ്‌വെയർ പ്രകാരം ഉയർന്ന നിരക്കാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാകുന്നു. നിരക്കുകൾ തമ്മിലുള്ള വ്യത്യാസം മൂലമുണ്ടാകുന്ന ഈ അധിക ചെലവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1584430 | ലൈഫ് ഭവനപദ്ധതി | 43436 | 1540994 |
| | 2019-20 | 550900 | ലൈഫ് ഭവനപദ്ധതി (എസ് സി) | 0 | 550900 |
| | 2019-20 | 150003 | പാലിയേറ്റീവ് കെയർ | 145571 | 4432 |
| | 2019-20 | 100000 | മെറിറ്റോറിയസ് സ്കോളർഷിപ്പ് | 100000 | 0 |
| | 2019-20 | 150000 | മിൽക്ക് ഇൻസെന്റീവ് | 150000 | 0 |
| | 2019-20 | 100000 | സപ്ലിമെന്ററി ന്യൂട്രീഷൻ | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 312239 | ലൈഫ് ഭവനപദ്ധതി (എസ് സി) | 0 | 312239 |
| | 2019-20 | 100000 | സപ്ലിമെന്ററി ന്യൂട്രീഷൻ | 100000 | 0 |
| | 2019-20 | 73559 | ലൈഫ് ഭവനപദ്ധതി | 73559 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | 206/20 വാർഡ് 5 പഞ്ചായത്ത് റോഡ് മുതൽ ലക്ഷ്മീ മന്ദിരം പടി വരെ പുതിയ കുടിവെള്ള പൈപ്പ് ലൈൻ ഇടുന്നതിന്. | ബിൽ നം.16/18-01-20<br>ചെക്ക് നം.0436119/07-02-20 | 250000<br>89000 | 0 | 339000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തൻവർഷം തുകയൊന്നും നൽകിയിട്ടില്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 38,20,000/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | നമ്പർ/ | തൻവർഷം | വർഷാരംഭത്തിൽ | തൻവർഷം | വർഷാവസാനം |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | തിയ്യതി | വായ്പ (മുന്നിരിപ്പ് ഉൾപ്പെടെ) | തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക | തിരിച്ചടച്ച തുക | | തിരിച്ചടയ്ക്കാൻ ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഹൌസിംഗ് പ്രോഗ്രം | ജി.ഒ.എം.എസ് 2278/തസ്വഭവ 18.8.2018 | 12138167 | 12138167 | 1000000 | | 11138167 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|---|
| 2014-15 | 3-5 | 5302 | R.ഓമന (A.E LSGD) | 119010103451/18.02.20 | 280200401 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 65042325 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47433594 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1237963.76 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 (1)<br>(2) | 250000<br>339000 | ബേബി സരോജം.ഡി, സെക്രട്ടറി |
| 1-14 | 175000 | രാജി എസ് നായർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-16 | 22771 | നിവേദിത.എം.എസ് കൃഷി ഓഫീസർ |
| 1-18 | 156192.76 | ഡോ. ടോണി തോമസ് മാത്യു, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 1-19 | 295000 | സുജാത.പി.കെ, ഹെഡ്മിസ്ട്രസ് |
| ആകെ | 1237963.76 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

1-(20) 5001/-രൂപ,

1-(24) 8204/- രൂപ (സെക്രട്ടറി, അക്രഡിറ്റഡ് എഞ്ചിനീയർ എം.ജി.എൻ.ആർ.ഇ.ജി.എസ്.)

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ( ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബേബി സരോജം.ഡി, സെക്രട്ടറി | സെക്രട്ടറി, തലവടി ഗ്രാമപഞ്ചായത്ത് | മോഹനം, പാളയംകുന്ന് പി.ഒ, വർക്കല |
| രാജി.എസ്.നായർ അസി.സെക്രട്ടറി | അസി.സെക്രട്ടറി, തലവടി ഗ്രാമപഞ്ചായത്ത് | ശങ്കരമംഗലം, നെട്ടുമ്പ്രം പി.ഒ, തിരുവല്ല |
| ഡോ. ടോണി തോമസ് മാത്യു മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ചരുവിൽ, പൂന്തോപ്പ് വാർഡ്, അവലൂക്കുന്നു.പി.ഓ, ആലപ്പുഴ |
| സുജാത.പി.കെ, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ഗവ.യു.പി.എസ്, ചെങ്ങന്നൂർ | കിണറ്റുകര വീട്, കുന്നത്തുംകര(പി.ഒ), ഓതറ, തിരുവല്ല, പത്തനംതിട്ട |
| നിതീഷ് കുമാർ എം.ആർ, അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.തലവടി ഗ്രാമപഞ്ചായത്ത് | കിഴക്കേമാത്തുരുത്തിൽ, നീരേറ്റുപുറം പി.ഒ, തലവടി |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 96-97, 97-98 | എൽ.എഫ്.ജി.എ5/1832/11/31.1.12 |
| 2000-01 | എൽ.എഫ്.ജി.എ5/1832/11/28.1.12 |
| 03-04 | എൽ.എഫ്.ജി.എ5/1832/11/25.1.12 |
| 2005-06 മുതൽ 2010-2011 വരെ | എൽ.എഫ്.ജി.എ5/1832/11/25.1.12 |
| 2011-12, 12-13 | എൽ.എഫ്.എ.പി 1/755/2014/30.7.14/4.10.14 |
| 2013-2014 | കെ.എസ്.എ/എ.എൽ.പി/പി 1/214/16 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി.11/827/16/29.7.16 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി.11/1333/16/26.11.16 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി.11/1127/17/11.09.17 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി.11/251/2019/1.06.2019 |
| 2018-19 | നം.കെ.എസ്.എ/എ.എൽ.പി/പി11-300/2020 09.06.2020 |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്